പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2 12-10-2026-ൽ മറുപടിയ്ക്ക്

**ഇ ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പരാതികൾ സമർപ്പിക്കുന്ന പൊതുജനങ്ങൾക്ക് ഇ -ഓഫീസ് എന്ന സോഫ്റ്റ് വെയർ വഴി അവരുടെ പരാതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയിരുന്നത് ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

**മറുപടി:** പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (http://eoffice.kerala.gov.in) മുഖേന ലഭ്യമാണ്. ഈ പോർട്ടലിലെ ഫയൽ/ തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, പെറ്റീഷൻ നമ്പരോ, ലെറ്റർ നമ്പരോ നൽകിയാൽ പരാതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാകും. അല്ലെങ്കിൽ വിഷയമോ പരാതിക്കാരന്റെ വിവരങ്ങളോ (name, email, mobile number) ഉപയോഗിച്ചും പരാതിയുടെ വിവരങ്ങൾ അറിയുവാൻ കഴിയും.

ഇതിനുപുറമേ, വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള ഇ-അപ്ലിക്കേഷൻ (e-Application) സൗകര്യവും സിറ്റിസൺ പോർട്ടലിൽ നിലവിലുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് മൊബൈൽ നമ്പർ ഉപയോഗിച്ച് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷകർക്ക് തങ്ങളുടെ ലോഗിൻ മുഖേന സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി പരിശോധിക്കാവുന്നതുമാണ്.

**(ബി)** ഇ-ഓഫീസ് സംവിധാനം നടപ്പിലായ വകുപ്പുകളിൽ ഇത്തരത്തിൽ പൊതുജനങ്ങൾക്ക് പരാതിയുടെ വിവരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** ഇ-ഓഫീസ് സംവിധാനം നടപ്പിലായ വകുപ്പുകളിൽ ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖേന പരാതിയുടെ നിലവിലെ സ്ഥിതി ലഭ്യമാകുന്നതാണ്.

**(സി)** സാമാജികർക്ക് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇ-ഓഫീസ് സൈറ്റിൽ നിന്നും ലഭിക്കുവാൻ പ്രത്യേക യൂസർനെയിം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

**മറുപടി:** പൊതു ഇന്റർനെറ്റ് വഴി ലഭ്യമാകുന്ന ഇ-ഓഫീസ് സിറ്റിസൺ പോർട്ടലിൽ നിന്നും ഫയൽ നീക്ക വിവരങ്ങൾ അറിയുന്നതിനായി ലോഗിൻ ചെയ്യേണ്ടതിന്റെ ആവശ്യകതയില്ല. e-Application

module വഴി സമർപ്പിക്കുന്ന അപേക്ഷയുടെ സ്റ്റാറ്റസ് മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യ്ത ലോഗിൻ വഴി പരിശോധിക്കാവുന്നതുമാണ്.

**(ഡി)** സെക്രട്ടേറിയറ്റിലെ വിവിധ ഓഫീസ് സെക്ഷനുകളിൽ ലഭിക്കുന്ന തപാലുകൾ ഉടൻ സെക്ഷനുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; നിയമസഭാസാമാജികരുടെ കത്തുകൾ ഉൾപ്പെടെയുള്ള തപാലുകൾ രണ്ടും മൂന്നും ദിവസം കഴിഞ്ഞു മാത്രമാണ് തപാൽ നമ്പരിടുന്നത് എന്നുള്ള കാര്യം പരിശോധിക്കുമോ;

**<u>മറുപടി:</u>** സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ വ്യവസ്ഥകൾ പ്രകാരം ഓഫീസ് സെക്ഷനിൽ ലഭിക്കുന്ന സാധാരണ തപാലുകൾ അന്നുതന്നെ തപാൽ നമ്പരിട്ട് തൊട്ടടുത്ത പ്രവൃത്തിദിവസവും അടിയന്തര പ്രാധാന്യമുള്ള തപാലുകൾ ലഭിക്കുന്ന അതേ ദിവസം തന്നെയും സെക്ഷനുകളിലേക്ക് വിതരണം ചെയ്യേണ്ടതാണ്. ഓഫീസ് സെക്ഷനിൽ ലഭിക്കുന്ന തപാലുകൾ അന്നുതന്നെ ഇൻവേർഡ് രജിസ്റ്ററിലും തപാൽ പുസ്തകത്തിലും രേഖപ്പെടുത്തി തപാൽ നമ്പർ നൽകേണ്ടതാണെന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിയമസഭാ സാമാജികരിൽ നിന്നും ലഭിക്കുന്ന കത്തുകളും കവറിങ്ങ് ലെറ്ററുകളും ഇൻവേർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള തപാലുകളായാണ് (Urgent Tappal) കൈകാര്യം ചെയ്യുന്നത്. ഇത്തരത്തിലുള്ള അടിയന്തര തപാലുകൾ ലഭിക്കുന്ന അതേ ദിവസം തന്നെ തപാൽ നമ്പരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കുറിപ്പോടെ സെക്ഷനുകളിൽ എത്തിക്കുവാൻ മാനുവലിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ നിശ്ചിത മാനുവൽ പ്രക്രിയകൾ പാലിച്ചാണ് തപാലുകൾ കൈകാര്യം ചെയ്യുന്നത്.

**(ഇ)** നിയമസഭാസാമാജികരുടെ കവറിങ്ങ് ലെറ്റർ ഉൾപ്പെടെ നൽകുന്ന തപാലുകൾ അടിയന്തരമായി തപാൽ നമ്പരിടുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**